KERALA MEDICAL SERVICES CORPORATION LTD.,
*(Dept. of Health & Family Welfare, Govt. of Kerala)*
Thycaud P.O., Thiruvananthapuram-14
Tele Fax No : 0471-3045647,
0471-2337353, 0471-3045600
Email id : scm@kmscl.kerala.gov.in

Supply Chain Management
No. KMSCL/SCM/05/2015.

www.kmscl.kerala.gov.in
Date :04.12.2015

# <u>പരിപത്രം</u>

വിഷയം: ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച്:-

സൂചന: 1 കെ.എം.എസ്.സി.എൽ/എസ്.സി.എം/1-ജി.എൻ.ആർ.എൽ/2011;തീയതി: 02/12/2011

2. ജി.ഒ (ആർ.റ്റി) നമ്പർ. 3657/2012/ എച്ച് &എഫ് ഡബ്ല്യു ഡി; തീയതി: 5/11/2012
3. കെ.എം.എസ്.സി.എൽ / എസ്.സി.എം /ഇ ഡി/12/2013; തീയതി: 8/07/2013
4. കെ.എം.എസ്.സി.എൽ / എസ്.സി.എം /12/2013; തീയതി: 27/09/2013
5. നമ്പർ.42864/J1/2013/എച്ച് &എഫ് ഡബ്ല്യു ഡി; തീയതി: 26/09/2013
6. കെ.എം.എസ്.സി.എൽ / എസ്.സി.എം /12/2013; തീയതി: 28/09/2013
7. കെ.എം.എസ്.സി.എൽ / എസ്.സി.എം /12/2013; തീയതി: 28/04/2014
8. നമ്പർ.6966/ജെ1/2015/ എച്ച് &എഫ് ഡബ്ല്യു ഡി; തീയതി: 18/06/2015

കേരളത്തിലുടനീളം ഗവൺമെന്റ് ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി ജനറിക് മരുന്നുകൾ സംഭരിക്കുക, സൗജന്യമായി ഇതര ആശുപത്രികളിലേക്ക് തടസമില്ലാതെ വിതരണം നടത്തുക എന്നുള്ളവയാണ് കെ.എം എസ്സ് സി എൽ-ൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വം. ദർഘാസ് മുഖാന്തരം വിതരണക്കാരെ സ്വീകരിച്ചു കൊണ്ട് നിക്ഷിപ്ത ഉത്തരവാദിത്വം നിറവേറ്റാൻ നാളിതുവരെ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്.

അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളിൽ ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) നൽകുന്നതിനെ സംബന്ധിച്ച് കോർപ്പറേഷന്റെ നിബന്ധനകൾ ചുവടെ ചേർക്കുന്നു

1) അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 585 ഇനങ്ങളിൽ വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങൾക്ക് കോർപ്പറേഷൻ ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) നൽകുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ അനുവർത്തിക്കേണ്ടതാണ്.

   a. നടപ്പ് സാമ്പത്തിക വർഷം വിതരണക്കാരെ ലഭ്യമല്ല എങ്കിൽ പോലും മുൻ കാലയളവിലെ നീക്കിയിരിപ്പ് പല അവസരങ്ങളിലും ഉണ്ടായിരിക്കുമെന്നതിനാൽ പ്രസ്തുത ശേഖരം തീർന്നതിനു ശേഷം ബന്ധപ്പെട്ട ഇനങ്ങളെ കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ "വിതരണക്കാരെ ലഭ്യമല്ലാത്ത ഇനങ്ങൾ" (നോ ബിഡ്ഡർ ഐറ്റംസ്) എന്ന് പ്രസിദ്ധീകരിക്കുകയും അതിനനുസൃതമായി ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) നൽകുന്നതുമാണ്.

2) കോർപ്പറേഷൻ നൽകുന്ന ശേഖര രഹിത സാക്ഷ്യപത്രത്തിന്റെ (എൻ.എ.സി) പ്രാബല്യം ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) വിതരണം ചെയ്ത തീയതി മുതൽ 30 ദിവസം വരെ മാത്രമായിരിക്കും.

3) അവശ്യ മരുന്നു പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളിൻ മേൽ കോർപ്പറേഷൻ വിതരണം ചെയ്ത ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) ഉപയോഗിച്ചുകൊണ്ടുള്ള ആശുപത്രികളുടെ പ്രാദേശിക സംഭരണത്തിന്റെ അളവ്, സാമ്പത്തിക വർഷാരംഭത്തിൽ ഡി.എം.ഇ, ഡി.എച്ച്.എസ് മുഖാന്തരം സമർപ്പിക്കപ്പെട്ട ഇന്റൻഡിന്റെ അളവിനേക്കാൾ അധികമാകാൻ പാടുള്ളതല്ല.

4) ഒരിനത്തിൻ മേൽ ഒരു പ്രാവശ്യം വിതരണം നടത്തുന്ന ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) ഉപയോഗിച്ചു കൊണ്ട് പ്രാദേശികമായി ആശുപത്രികളിൽ സംഭരിക്കുന്ന അളവ്, ആ ഇനത്തിന്റെ വാർഷിക ഇൻഡന്റിന്റെ 15% ത്തേക്കാൾ കൂടുതലാകാൻ പാടില്ല.

5) സാമ്പത്തിക വർഷാരംഭത്തിൽ ഇൻഡന്റ് ചെയ്ത മുഴുവൻ ഇനങ്ങളും ഇൻഡന്റിനനുസൃതമായി വിതരണം പൂർത്തിയാക്കി കഴിഞ്ഞ ശേഷം പ്രസ്തുത ഇനങ്ങളിൻമേൽ ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) നൽകുവാൻ കോർപ്പറേഷന് സാങ്കേതികമായി സാധിക്കുന്നതല്ല. എന്നാൽ കീഴ്ഘടക സ്ഥാപനങ്ങളുടെ ആവശ്യം വിലയിരുത്തി വാർഷിക ഇൻഡന്റിനനുസൃതമായി വിതരണം പൂർത്തിയായി എന്ന് അറിയിച്ചു കൊണ്ടുള്ള സാക്ഷ്യപത്രം ജില്ലാ സംഭരണ ശാല മേധാവികൾക്ക് നൽകാവുന്നതാണ്.

6) ആശുപത്രികൾ ഇൻഡന്റ് ചെയ്യുകയും, അവശ്യഘട്ടത്തിൽ അതാത് സംഭരണ ശാലകളിൽ ശേഖരം ലഭ്യമല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ, ജില്ല സംഭരണ ശാല മേധാവികൾ പ്രസ്തുത വിഷയം ആസ്ഥാന കാര്യാലയത്തിലെ ബന്ധപ്പെട്ട വിഭാഗത്തെ അറിയിക്കേണ്ടതാണ്. ആസ്ഥാന കാര്യാലയത്തിൽ നിന്നും ആന്തരിക കൈമാറ്റം വഴി ഇനങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

7) വാർഷിക ഇൻഡന്റിന്റെ പരിധിയിൽ ഉൾപ്പെടാത്തതും മറ്റു ധനസ്രോതസുകൾ വഴിയോ, ഇതര പദ്ധതികൾ വഴിയോ സംഭരിക്കേണ്ടതുമായ മരുന്നുകളും അനുബന്ധ സാമഗ്രികളും കോർപ്പറേഷൻ മുഖാന്തരം വിതരണം ചെയ്യുന്നതല്ല എന്ന സാക്ഷ്യപത്രം നിശ്ചിത മാതൃകയിൽ അതാത് സംഭരണ ശാലകളിൽ നിന്നും പദ്ധതി നടപ്പിലെ കാലവിളംബം ഒഴിവാക്കുന്നതിനായി നൽകാവുന്നതാണ്.

ജില്ലാ സംഭരണ ശാലകളിൽ നിന്ന് ആശുപത്രികൾക്കുള്ള ശേഖര രഹിത സാക്ഷ്യപത്രം (എൻ.എ.സി) വിതരണം ടി നിബന്ധനകൾ കർശന മായും പാലിച്ചുകൊണ്ടായിരിക്കണം എന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

**മാനേജിംഗ് ഡയറക്ടർ**